# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 1643

04.10.2016-ൽ
മറുപടിയ്ക്ക്

## റാന്നിയിൽ വ്യവസായം ആരംഭിക്കുന്നതിന് നടപടി

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | | ഉത്തരം<br>ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും കായികവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | റാന്നിയിൽ വ്യവസായം ആരംഭിക്കുന്നതിനായി എത്ര ഏക്കർ സ്ഥലമാണ് കിൻഫ്ര ഏറ്റെടുത്തിരിക്കുന്നത്. ഇതിന് വർഷംതോറും എത്ര രൂപയാണ് പാട്ടമായി അടയ്ക്കുന്നത്; സ്ഥലം ഏറ്റെടുത്തത് എന്നാണ്; എന്ത് വ്യവസായം ആരംഭിക്കാനാണ് ഉദ്ദേശിച്ചിരുന്നതെന്ന് വിശദമാക്കാമോ; | എ) | റാന്നിയിൽ അപ്പാരൽ പാർക്ക് സ്ഥാപിക്കുന്നതിനായി 1.40558 ഏക്കർ സ്ഥലമാണ് കിൻഫ്ര ഏറ്റെടുത്തിരിക്കുന്നത്. ഇതിനായി പാട്ടത്തുക ഇനത്തിൽ 24,856 രൂപയാണ് ത്രിവർഷ പാട്ടത്തുകയായി 2011-12, 2012-13, 2013-14, 2014-15, 2015-16 വർഷങ്ങളിൽ സർക്കാരിൽ അടച്ചത്. |
| ബി) | ഏറ്റെടുത്ത സ്ഥലത്ത് വ്യവസായ യൂണിറ്റ് ആരംഭിക്കാൻ സാധിക്കാതിരുന്നത് എന്തുകൊണ്ടാണ്; | ബി) | കേരളത്തിൽ കൂടുതൽ അപ്പാരൽ പാർക്ക് തുടങ്ങുക പ്രായോഗികമല്ലെന്നും കുറഞ്ഞ വേതനത്തിൽ ജോലിക്കാരെ ലഭിക്കാത്ത സാഹചര്യത്തിൽ മറ്റേതെങ്കിലും പദ്ധതിയാണ് അവിടെ യോജിച്ചതെന്നും പിന്നീട് വിലയിരുത്തുകയുണ്ടായി. ഇതേ തുടർന്നാണ് റൂറൽ അപ്പാരൽ പാർക്ക് എന്ന പദ്ധതി മാറ്റിയത്. |
| സി) | ഇനി എന്ത് വ്യവസായമാണ് ഇവിടെ ആരംഭിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ; ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ? | സി) | എന്ത് വ്യവസായം ആരംഭിക്കുവാനാണ് പ്രസ്തുത ഭൂമി കൂടുതൽ അനുയോജ്യമെന്ന് പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ